ജല അതോറിറ്റിയെ വിഭജിച്ച് കമ്പനികളാക്കണമെന്ന നിർദ്ദേശം

16 (*194) ശ്രീ. കെ. സി. വേണുഗോപാൽ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയെ വിഭജിച്ച് കമ്പനികളാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കമ്പനികളാക്കാനാണ് ഉദ്ദേശമെന്ന് വ്യക്തമാക്കുമോ ;

(സി) ജല അതോറിറ്റിയെ ലാഭകേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി.രാമകൃഷ്ണപിള്ള) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി&ഡി) ജല അതോറിറ്റിയെ ലാഭകേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം ആലോചിച്ചിട്ടില്ല. ജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമുള്ള കുടിവെള്ളം വിതരണം ചെയ്യുക എന്ന പരമപ്രധാനമായ ചുമതലയാണ് വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. അതോറിറ്റിയുടെ വരുമാനം വാട്ടർ ചാർജിനത്തിൽ പിരിച്ചെടുക്കുന്ന തുക മാത്രമാണ്. എന്നാൽ ഉല്പാദന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് വാട്ടർ ചാർജ്ജ് ഈടാക്കുന്നത്. വാട്ടർ അതോറിറ്റി പ്രവർത്തനം ലാഭകരമാക്കണമെങ്കിൽ വാട്ടർ ചാർജ്ജ് ഉല്പാദനച്ചെലവിനനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇത് ഉടനെ പ്രാവർത്തികമാക്കുക പ്രായോഗികമല്ല. വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വാട്ടർ ചാർജ്ജ് കൃത്യമായി പിരിച്ചെടുക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇപ്പോൾ ഊന്നൽ നൽകുന്നു. ഇതിന് സഹായിക്കുന്നതിന് ഒരു റവന്യൂ മോണിറ്ററിംഗ് സെൽ വാട്ടർ അതോറിറ്റിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി 19-3-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഘട്ടംഘട്ടമായി കൈമാറുന്നതിനും 55 ലക്ഷം രൂപയിൽ താഴെ ചെലവു പ്രതീക്ഷിക്കുന്ന ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഡെപ്പോസിറ്റ് സ്വീകരിച്ച് നടപ്പിലാക്കുവാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ബാദ്ധ്യത ഒരളവുവരെ കുറയ്ക്കാനാവുമെന്ന വിശ്വാസത്തിലാണ് മേല്പറഞ്ഞ നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly